(ബി) ഉണ്ട്. ഉത്തരമേഖലയിൽ വടകര ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ പേരാമ്പ്ര പഞ്ചായത്തിലുള്ള കുറ്റിക്കുന്ന് കുടിവെള്ള പദ്ധതി, വൈദ്യുതി ചാർജ്ജ് ഒടുക്കാത്തതുമൂലം വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാൽ സ്തംഭനാവസ്ഥയിലാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കുടിവെള്ള പദ്ധതികൾക്കുള്ള നിലവിലുള്ള താരിഫ് താഴെ കൊടുത്തിരിക്കുന്നു :

പ്രതിമാസ ഫിക്സഡ് ചാർജ്ജ്	രൂപയിൽ	കുറിപ്പ്
i. സിംഗിൾ ഫേസ്	20	വർദ്ധനവില്ല.
ii. ത്രീ ഫേസ്	60	നിലവിലുള്ള ഗാർഹിക താരിഫിനുതുല്യം
എനർജി ചാർജ്ജ്		
പ്രതിമാസ ഉപഭോഗ സ്ലാബുകൾ	നിരക്ക്/യൂണിറ്റ് (പൈസയിൽ)	
i. 50 യൂണിറ്റ് വരെ	280	നിലവിലുള്ള ഗാർഹിക നിരക്കിനുതുല്യം
ii. 120 യൂണിറ്റ് വരെ	380	മുഴുവൻ യൂണിറ്റിനും ഒരേ നിരക്ക്
iii. 200 യൂണിറ്റ് വരെ	450	
iv. 200 യൂണിറ്റിന് മുകളിൽ	630	

സർക്കാർ ഉടമസ്ഥതയിൽ വൈദ്യുതി പദ്ധതികൾ

57 (403) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 2011 മേയ് മുതൽ നാളിതുവരെയായി ഏതെങ്കിലും വൈദ്യുതി പദ്ധതികൾ സർക്കാർ ഉടമസ്ഥതയിൽ വൈദ്യുതി ഉല്പാദനം തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൽനിന്നെല്ലാം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ട് ; വിശദമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണപ്രവർത്തി തുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; വിശദമാക്കുമോ ;

(ഡി) കേരളത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന എത്ര പദ്ധതികൾ ഉണ്ട് ; ഏതെല്ലാം ; അവ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ നാല് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിച്ചിട്ടുണ്ട്.

(ബി)

പദ്ധതി	സ്ഥാപിതശേഷി
പൂഴിത്തോട്	4.8 MW
റാന്നി-പെരുനാട്	4.0 MW
പീച്ചി	1.25 MW
വിലങ്ങാട്	7.5 MW

(സി) പ്രസ്തുത കാലയളവിൽ താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടുണ്ട് :

പദ്ധതി	സ്ഥാപിതശേഷി
ചിമ്മിനി	2.5 MW
ആഢ്യൻപാറ	3.5 MW
വെള്ളത്തൂവൽ	3.6 MW
പെരുന്തേനരുവി	6.0 MW
ഭൂതത്താൻകെട്ട്	24.0 MW
പെരിങ്ങൽക്കുത്ത്	24.0 MW

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി	മെഗാവാട്ട്	കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്ന തീയതി
1	ചിമ്മിനി	2.5	4/2015
2	ബാരപ്പോൾ	15	8/2015
3	ആഢ്യൻപാറ	3.5	6/2015
4	വെള്ളത്തൂവൽ	3.6	8/2015
5	പെരുന്തേനരുവി	6.0	6/2016
6	കക്കയം	3	1/2016
7	ചെങ്കുളം ഓഗമെന്റേഷൻ	-	12/2016
8	ചാത്തൻ കോട്ടനട-II	6	7/2016
9	ഭൂതത്താൻകെട്ട്	24	3/2016
10	തോട്ടിയാർ	40	9/2016
11	പള്ളിവാസൽ എക്സ്റ്റൻഷൻ	60	12/2017
12	പെരിങ്ങൽക്കുത്ത്	24	3/2017
	ആകെ	187.6 MW	

മറ്റ് സ്രോതസ്സുകളിൽനിന്നുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചെറായി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

58 (404) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇക്കഴിഞ്ഞ ആറുമാസക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) ലൈൻ വലിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ തീയതി സഹിതം വിശദീകരിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly